LIBRARY ARCHIVES Kerala Legislative Assembly

അരൂർ മണ്ഡലത്തിൽ നടന്ന വികസന പ്രവർത്തനങ്ങൾ

118 (2937) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പുവഴിയും ഹാർബർ എഞ്ചിനീയറിംഗ് മുഖേനയും അരൂർ മണ്ഡലത്തിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം ഫിഷറീസ് വകുപ്പുവഴിയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുവഴിയും അരൂർ മണ്ഡലത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

താനൂർ ഓട്ടുമ്പും - കെട്ടുങ്ങൽ പാലം നിർമ്മാണം

119 (2938) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ ഓട്ടുമ്പും-കെട്ടുങ്ങൽ പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; അപ്രോച്ച് റോഡിന്റെ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാനാകുമെന്ന് വ്യക്തമാക്കാമോ ;

(ബി) താനൂർ ഓട്ടുമ്പും-കെട്ടുങ്ങൽ പാലം നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) താനൂർ ഓട്ടുമ്പും - കെട്ടുങ്ങൽ പാലം നിർമ്മാണം പുരോഗമിച്ചുവരുന്നു. 80% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. 21 ഗർഡറുകളിൽ 17 എണ്ണം പൂർത്തീകരിച്ചു. 7 ഡെക്ക് സ്ലാബുകളിൽ 5 ഡെക്ക് സ്ലാബുകളുടെ പണിയും പൂർത്തീകരിച്ചു. ഫുട്പാത്തിന്റെ പ്രവൃത്തി പുരോഗമിച്ചുവരികയാണ്. അപ്രോച്ച് റോഡിനുള്ള സ്ഥലം ഇതുവരെ പഞ്ചായത്തിൽനിന്നും ലഭ്യമായിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് അപ്രോച്ച് റോഡ് നിർമ്മാണം ആരംഭിക്കുന്നതാണ്.

(ബി) അപ്രോച്ച് റോഡിന് സ്ഥലം ലഭ്യമായാൽ 8 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.